സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

116 (122) ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വിശദമായി വെളിപ്പെടുത്തുമോ ;

(സി) ശമ്പള പരിഷ്കരണംവഴിയുണ്ടാകുന്ന കടിശ്ശിക, കരാറുകാർക്ക് നൽകാനുള്ള കടിശ്ശിക, മരുന്നു വാങ്ങിയതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനും നെല്ല് ഉൾപ്പെടെ സംഭരിച്ച ഇനത്തിലുമുള്ള കടിശ്ശിക, തിരിച്ചടക്കാനുള്ള കടം, എം.എൽ.എ.മാരുടെ പ്രാദേശിക വികസന നിധി, ആസ്തി വികസന ഫണ്ട് തുടങ്ങിയ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകുവാൻ നിലവിൽ കടിശ്ശികയായിട്ടുണ്ട് ; നിലവിൽ കടബാദ്ധ്യത എത്ര ; വിശദമാക്കുമോ ;

(ഡി) വികസന ചെലവിന്റെകാര്യത്തിൽ സംസ്ഥാനം പിറകിലായിരിക്കെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി സന്നിഗ്ധാവസ്ഥയിലായതിന്റെ കാരണം എന്താണ് ; ധനകാര്യമാനേജ്മെന്റിലെ പാളിച്ചകൾ എന്തെല്ലാമായിരുന്നു ; നികുതി പിരിവിലെ വീഴ്ചകളും കെടുകാര്യസ്ഥതയും റവന്യൂ വരുമാനത്തെ എപ്രകാരം ബാധിച്ചു?

ഉത്തരം

(എ) ധവളപത്രം പുറപ്പെടുവിക്കാനുള്ള സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 31893.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26263.79 കോടി രൂപയെക്കാൾ 21.4% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 34487.76 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 33040.77 കോടി രൂപയേക്കാൾ 4.3% കൂടുതലാണ്. 2015 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2856.75 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 26-11-2015-ൽ ട്രഷറി ബില്ലുകളിലായി 1389.69 കോടി രൂപ നിക്ഷേപമുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി സെപ്റ്റംബർ 2015 വരെ 2593.85 കോടി രൂപയും ധനകമ്മി 5379.63 കോടി രൂപയുമാണ്. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 0.45%, 0.94% എന്നിങ്ങനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ കടിശ്ശിക ഇല്ല.

കരാറുകാർക്ക് നൽകാനുള്ള കടിശ്ശിക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

മരുന്ന് വാങ്ങിയ ഇനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ 290 കോടി രൂപ വകയിരുത്തിയതിൽ നാളിതുവരെ 150 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

2015 സെപ്റ്റംബർ വരെയുള്ള സാമൂഹ്യസുരക്ഷാപെൻഷനുകൾ വിതരണം ചെയ്യുന്നതിനായി തുക അനുവദിച്ചു കഴിഞ്ഞു.

നെല്ല് സംഭരിച്ചയിനത്തിൽ സപ്ലൈകോ-യ്ക്ക് 261.32 കോടി രൂപയും ഓയിൽ പാം ഇന്ത്യയ്ക്ക് 7.20 കോടി രൂപയും നൽകാനുണ്ട്.

നിലവിൽ സംസ്ഥാനത്തിന്റെ കടബാധ്യത 31-3-2015 വരെ 135440.24 കോടി രൂപയാണ്. ഇതിൽ 89067.91 കോടി രൂപ ആഭ്യന്തര കടം ഇനത്തിലും 7065.05 കോടി രൂപ കേന്ദ്ര സഹായ ഇനത്തിലും 39307.28 കോടി രൂപ സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലുമാണ്.

എം.എൽ.എ.മാരുടെ പ്രാദേശിക വികസന നിധി ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇനി 35.25 കോടി രൂപ അനുവദിക്കാനുണ്ട്.

ആസ്തി വികസന ഫണ്ടിനത്തിൽ കുടിശ്ശികയായി നൽകുവാനുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്റ്റംബർ 30-ലെ താത്കാലിക കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിലെ മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2856.75 കോടി രൂപയാണ്. ഇത് കഴിഞ്ഞവർഷം ഇതേ കാലയളവിലെ മൂലധനച്ചെലവായ 1771.95 കോടി രൂപയെക്കാൾ 61.22 ശതമാനം കൂടുതലാണ്. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും കേന്ദ്ര വിഹിതത്തിലുണ്ടായ ഗണ്യമായ കുറവും റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിക്കാതിരുന്നതും സംസ്ഥാനത്തെ നേരിയ സാമ്പത്തിക ഞെരുക്കത്തിലാക്കിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി കുടിശ്ശികയിൻമേലും ടാക്സ് അസസ്മെന്റിന്മേലും വിവിധ അപ്പലേറ്റ് അതോറിറ്റികൾ അനുവദിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും ഉള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly